കേരള സർക്കാർ

## ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
## ആരോഗ്യ ഭവൻ, എം. ജി. റോഡ്, തിരുവനന്തപുരം

# ഡിപ്ലോമ ഇൻ ആയുർവേദ നഴ്സിംഗ്, ഡിപ്ലോമ ഇൻ ആയുർവേദ ഫാർമസി, ഡിപ്ലോമ ഇൻ ആയുർവേദ തെറാപ്പി കോഴ്സുകളിലേക്കുള്ള പ്രവേശനം 2026-27

**നമ്പർ: പി1/656/2026/ഡിഎംഇ** **തീയതി: 16.07.2026**

## വിജ്ഞാപനം

**സൂചന: സ.ഉ.(സാധാ) നം.327/2026/ആയുഷ് തീയതി, തിരുവനന്തപുരം- 27-06-2026**

**1. ആമുഖം**

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന 2026-27 വർഷത്തെ ഡിപ്ലോമ ഇൻ ആയുർവേദ നഴ്സിംഗ്, ഡിപ്ലോമ ഇൻ ആയുർവേദ ഫാർമസി, ഡിപ്ലോമ ഇൻ ആയുർവേദ തെറാപ്പി കോഴ്സുകളിലേക്ക്, സർക്കാർ മെരിറ്റ് സീറ്റുകളിലേക്കുള്ള പ്രവേശനം, സൂചന സർക്കാർ ഉത്തരവ് മുഖേന അംഗീകരിച്ച പ്രോസ്പെക്ടസ് പ്രകാരം അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. എൽ.ബി.എസ് സെന്റർ ഡയറക്ടറുടെ www.lbscentre.kerala.gov.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി 2026 ജൂലൈ 20 മുതൽ ആഗസ്റ്റ് 5 വരെ അപേക്ഷിക്കാവുന്നതാണ്. അപേക്ഷകർ ഓൺലൈൻ മുഖേന അപേക്ഷാ ഫീസ് ഒടുക്കേണ്ടതാണ്. അപേക്ഷാഫീസ് യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല.

1.1. ഡിപ്ലോമ ഇൻ ആയുർവേദ നഴ്സിംഗ്, ഡിപ്ലോമ ഇൻ ആയുർവേദ ഫാർമസി, ഡിപ്ലോമ ഇൻ ആയുർവേദ തെറാപ്പി കോഴ്സുകളുടെ ദൈർഘ്യം യഥാക്രമം ഒരു വർഷം, ഒരു വർഷം 8 മാസം, രണ്ടു വർഷം എന്നിങ്ങനെ ആണ്.

1.2. അപേക്ഷകരെ തിരഞ്ഞെടുക്കൽ:- അപേക്ഷകരെ തിരഞ്ഞെടുക്കുന്നത് എൽ.ബി.എസ്സ് സെന്റർ ഡയറക്ടർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും പ്രത്യേക/നിർദ്ദേശാനുസൃത സംവരണത്തിന്റെ അടിസ്ഥാനത്തിൽ നടത്തുന്ന അലോട്ട്മെന്റ് മുഖേനയാണ്.

1.3. സീറ്റുകളുടെ വിന്യാസം: ഡിപ്ലോമ ഇൻ ആയുർവേദ നഴ്സിംഗ്, ഡിപ്ലോമ ഇൻ ആയുർവേദ ഫാർമസി, ഡിപ്ലോമ ഇൻ ആയുർവേദ തെറാപ്പി എന്നീ കോഴ്സുകളിൽ വിവിധ കോളേജുകളിൽ ഉള്ള സീറ്റ് വിവരങ്ങൾ പ്രോസ്പെക്ടസിൽ ലഭ്യമാണ്. ഇതോടൊപ്പം ഉള്ള പ്രോസ്പെക്ടസ് ഭേദഗതി കൂടി ശ്രദ്ധിക്കുക.

**2. പ്രവേശന യോഗ്യതയുടെ മാനദണ്ഡങ്ങൾ**

2.1 ജനനം:

മറിച്ചൊരു നിർദ്ദേശമില്ലെങ്കിൽ ഭാരതീയർക്കു മാത്രമേ പ്രൊഫഷണൽ കോഴ്സിലെ പ്രവേശനത്തിനു അർഹതയുള്ളു. Persons of Indian Origin (PIO) / Overseas Citizenship of India (OCI) കാർഡ് ഉള്ളവരെയും, പ്രവേശനത്തിന്റെ അർഹതയ്ക്കായി ഭാരതീയന് ഒപ്പം പരിഗണിക്കും.

പ്രൊഫഷണൽ കോഴ്സ് പ്രവേശനത്തിനു അപേക്ഷിക്കുന്നവരെ, കേരളീയൻ, കേരളീയേതരൻ എന്നിങ്ങനെ തരംതിരിക്കും.

(1) കേരളീയൻ: കേരളത്തിൽ ജനിച്ച അപേക്ഷാർത്ഥിയെ കേരളീയനായി തരംതിരിക്കും. 29.05.2008 ലെ G.O. (Rt No. 822/08/H.Edn പ്രകാരം കേരള കേഡറിലേക്ക് അലോട്ട് ചെയ്തിട്ടുള്ള കേരളീയേതരരായ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ കുട്ടികളെ കേരളീയരായി പരിഗണിച്ചിട്ടുണ്ട്. എന്നാൽ അവർ മറ്റ് സംവരണാനുകൂല്യങ്ങൾക്ക് അർഹരല്ല.

(2) കേരളീയേതരൻ : കേരളീയൻ വിഭാഗത്തിൽപ്പെടാത്ത അപേക്ഷാർത്ഥികളെ കേരളീയേതരരായി പരിഗണിക്കും. കേരളീയേതരൻ അപേക്ഷാർത്ഥികളെ 'സ്റ്റേറ്റ് മെറിറ്റ്' സീറ്റുകളിലേയ്ക്കു മാത്രമേ പരിഗണിക്കുകയുള്ളു. സാമുദായിക/ പ്രത്യേക/ശാരീരിക അവശത വിഭാഗ സംവരണത്തിനു ഇവർക്കു അർഹതയില്ല.

**2.2 വിദ്യാഭ്യാസയോഗ്യതയും പ്രായപരിധിയും:**

**ആയുർവേദ നഴ്സിംഗ് ഡിപ്ലോമ**

**യോഗ്യത:**

- ജനറൽ നഴ്സിംഗ് ആൻഡ് മിഡ്വൈഫറി (GNM) പാസായിരിക്കണം.

**പരമാവധി പ്രായപരിധി: (വയസ്സ് 01/07/2026 പ്രകാരം കണക്കാക്കുന്നതാണ്)**

- ജനറൽ വിഭാഗം – 33 വയസ്സ്
- എസ്.സി./എസ്.ടി. വിഭാഗം – 38 വയസ്സ്
- വിമുക്തഭടന്മാർ – 40 വയസ്സ്

**ആയുർവേദ തെറാപ്പി ഡിപ്ലോമ**

**യോഗ്യത:**

- പ്ലസ് ടു അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസായിരിക്കണം.

**പരമാവധി പ്രായപരിധി: (വയസ്സ് 01/07/2026 പ്രകാരം കണക്കാക്കുന്നതാണ്)**

- ജനറൽ വിഭാഗം – 33 വയസ്സ്
- എസ്.സി./എസ്.ടി. വിഭാഗം – 38 വയസ്സ്
- വിമുക്തഭടന്മാർ– 40 വയസ്സ്

**ശാരീരിക യോഗ്യത / അളവുകൾ** *(ആയുർവേദ തെറാപ്പി ഡിപ്ലോമ കോഴ്സിന് മാത്രം ബാധകം)*

ഭിന്നശേഷിക്കാർ (PwD) ഈ കോഴ്സിലേക്കുള്ള പ്രവേശനത്തിന് അർഹരല്ല. അപേക്ഷകർ ശാരീരികമായി ആരോഗ്യവാന്മാരായിരിക്കണം. കൂടാതെ താഴെപ്പറയുന്ന കുറഞ്ഞ ശാരീരിക മാനദണ്ഡങ്ങൾ പാലിച്ചിരിക്കണം.

- **പുരുഷന്മാർ:** കുറഞ്ഞ ഉയരം – **162.5** സെ.മീ., കുറഞ്ഞ ഭാരം – **46** കിലോഗ്രാം
- **സ്ത്രീകൾ:** കുറഞ്ഞ ഉയരം – **147** സെ.മീ., കുറഞ്ഞ ഭാരം – **36** കിലോഗ്രാം

കുറിപ്പ്: ഭിന്നശേഷിക്കാർ ആയുർവേദ തെറാപ്പി ഡിപ്ലോമ കോഴ്സിലേക്കും ആയുർവേദ നഴ്സിംഗ് ഡിപ്ലോമ കോഴ്സിലേക്കും പ്രവേശനത്തിന് അർഹരല്ല.

ആയുർവേദ ഫാർമസി ഡിപ്ലോമ

യോഗ്യത:

- പ്ലസ് ടു അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസായിരിക്കണം.

പരമാവധി പ്രായപരിധി: **(വയസ്സ് 01/07/2026 പ്രകാരം കണക്കാക്കുന്നതാണ്)**

- ജനറൽ വിഭാഗം – 33 വയസ്സ്
- എസ്.സി./എസ്.ടി. വിഭാഗം – 38 വയസ്സ്
- വിമുക്തഭടന്മാർ – 40 വയസ്സ്

കുറിപ്പ്: മാർക്കിന്റെ ശതമാനം അടുത്ത ഉയർന്ന പൂർണ്ണസംഖ്യയിലേക്ക് റൗണ്ട് ഓഫ് ചെയ്യാൻ അനുവദിക്കുകയില്ല.

**2. അപേക്ഷാഫീസ്**

അപേക്ഷാഫീസ് ഇനി പറയുന്നതു പ്രകാരമായിരിക്കും:

| | |
|---|---|
| പൊതു/ SEBC വിഭാഗത്തിന് | 1000/- രൂപ. |
| പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് | 500/- രൂപ. |

**3. പ്രോസ്സ്പെക്ടസ്സിന്റെ ലഭ്യത**

പ്രോസ്സ്പെക്ടസ്സ് **www.lbscentre.kerala.gov.in** എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

**4. അപേക്ഷാഫോറം സമർപ്പിക്കുന്ന രീതി:**

അപേക്ഷ സമർപ്പിക്കുന്നതിന് നാല് ഘട്ടങ്ങളുണ്ട്. അപേക്ഷകർ എല്ലാ ഘട്ടങ്ങളും നിർബന്ധമായും സമയബന്ധിതമായും പൂർത്തിയാക്കേണ്ടതാണ്.

**ഘട്ടം 1 രജിസ്ട്രേഷൻ**

അപേക്ഷകർ www.lbscentre.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിച്ച് '**DIPLOMA PROGRAMMES IN AYURVEDA ALLIED HEALTH SCIENCES, KERALA 2026-27**' എന്ന ലിങ്ക് ക്ലിക്ക് ചെയ്യുക. ഇപ്പോൾ സ്ക്രീനിൽ ലഭ്യമാകുന്ന പേജിൽ നിന്നും '**Registration**' എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് വ്യക്തിഗത വിവരങ്ങൾ നൽകി രജിസ്റ്റർ ചെയ്യുക. അപ്പോൾ രജിസ്റ്റർ ചെയ്ത മെയിൽ ഐഡിയിലേക്കു ആക്ടിവേഷൻ ലിങ്ക് ഉൾകൊള്ളുന്ന മെയിൽ ലഭിക്കുന്നതാണ്. അതിൽ ക്ലിക്ക് ചെയ്തു ലോഗിൻ ആക്റ്റിവേറ്റ് ചെയ്യുക. ഇതോടൊപ്പം രജിസ്റ്റർ ചെയ്ത ഫോൺ നമ്പറിലേക്കു രജിസ്ട്രേഷൻ ഐഡി അടങ്ങുന്ന, രജിസ്ട്രേഷൻ വിജയകരമായി പൂർത്തിയാക്കിയ സന്ദേശവും ലഭിക്കുന്നതാണ്. ലോഗിൻ ചെയ്യാൻ ഉപയോഗിക്കുന്ന രജിസ്ട്രേഷൻ ഐഡിയും, രജിസ്ട്രേഷന് ഉപയോഗിച്ച മെയിൽ ഐഡിയും, പാസ്സ്‌വേർഡും അപേക്ഷാർത്ഥികൾ സൂക്ഷിച്ചു വെയ്ക്കേണ്ടതും അവ മറ്റാർക്കും കൈമാറാൻ പാടില്ലാത്തതുമാണ്. രജിസ്ട്രേഷൻ ഐഡിയും പാസ്സ്‌വേർഡും ഉപയോഗിച്ചോ അല്ലെങ്കിൽ രജിസ്റ്റർ ചെയ്ത മെയിൽ ഐഡിയും പാസ്സ്‌വേർഡും ഉപയോഗിച്ചോ ലോഗിൻ ചെയ്യാവുന്നതാണ്. ലോഗിൻ ചെയ്ത ശേഷം വ്യക്തിഗത വിവരങ്ങൾ നൽകി അപേക്ഷ ഫോം പൂരിപ്പിക്കാവുന്നതാണ്. **അക്കാഡമിക് വിവരങ്ങൾ, ഫോട്ടോ, ഒപ്പ് എന്നിവയെല്ലാം നൽകേണ്ടതാണ്.**

**ഘട്ടം 2 അപേക്ഷാഫീസ് ഒടുക്കുന്നത്**

അപേക്ഷാഫീസ് ഓൺലൈനായി അടയ്ക്കാം. തുടർന്നു സർട്ടിഫിക്കറ്റുകൾ അപ്ലോഡ് ചെയ്യാവുന്നതാണ്. സാങ്കേതികമായ കാരണങ്ങളാൽ ഓൺലൈൻ പേയ്മെന്റ് അപ്ഡേറ്റ് ആകുന്നതിനു 6 മണിക്കൂർ വരെ കാലതാമസം നേരിട്ടേക്കാം.

**ഘട്ടം 3 സർട്ടിഫിക്കറ്റുകൾ അപ്ലോഡ് (Upload) ചെയ്യുക.**

അപേക്ഷയോടൊപ്പം അപ്ലോഡ് ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള വിവിധ സർട്ടിഫിക്കറ്റുകൾ (to prove age, nativity, reservation, fee concession(if any), marklist etc) ആണ് ഈ ഘട്ടത്തിൽ അപ്ലോഡ് ചെയേണ്ടത്. ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള എല്ലാ സർട്ടിഫിക്കറ്റുകളും പ്രോസ്പെക്ട്സിൽ ഉൾക്കൊള്ളിച്ചിട്ടുള്ള നിശ്ചിത മാതൃകയിൽ തന്നെ അപ്ലോഡ് ചെയ്യേണ്ടതാണ്.

**ഘട്ടം 4 ഫൈനൽ സബ്മിഷന്**

ഫൈനൽ സബ്മിഷൻ നൽകുന്നതിനു മുൻപായി അപേക്ഷകർക്ക് അപേക്ഷയുടെ കരട് പതിപ്പ് കാണുവാൻ കഴിയും. ഘട്ടം 3 വരെ ശരിയായി പൂർത്തീകരിച്ചു എന്ന് ഉറപ്പുവരുത്തിയ ശേഷം **'Declaration'** നൽകുക. ഫൈനൽ **'Save and submit'** നു ശേഷം ആപ്ലിക്കേഷനിൽ മാറ്റം വരുത്താൻ സാധിക്കുന്നതല്ല.

- **Final Submission നടത്താത്ത അപേക്ഷകൾ പൂർണ്ണമല്ലാത്തതായി പരിഗണിക്കുകയും അപേക്ഷ നിരസിക്കുന്നതുമാണ്.**
- **അപേക്ഷകർ രജിസ്ട്രേഷൻ നമ്പരും പാസ്സ്‌വേർഡും രഹസ്യമായി സൂക്ഷിക്കേണ്ടതാണ്.**
- **അപേക്ഷാഫോമിന്റെയോ മറ്റ് സർട്ടിഫിക്കറ്റുകളുടെയോ പ്രിന്റൗട്ട്(Hard copy) യാതൊരു കാരണവശാലും എൽ.ബി.എസ്സ് സെന്ററിലേക്ക് നേരിട്ടോ, തപാലിലോ അയക്കേണ്ടതില്ല.**

അപേക്ഷകർ സമർപ്പിച്ച അപേക്ഷയുടെ പരിശോധനക്കുശേഷമുള്ള വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. പ്രസിദ്ധപ്പെടുത്തിയ വിവരങ്ങൾ പരിശോധിച്ച് പരാതിയുണ്ടെങ്കിൽ വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന രീതിയിൽ നിശ്ചിത സമയത്തിനുള്ളിൽ അറിയിക്കേണ്ടതാണ്. <u>അപേക്ഷകർ തങ്ങളുടെ അവകാശവാദങ്ങൾ പരിശോധിച്ച് പരാതി ഉണ്ടെങ്കിൽ നിശ്ചിത ദിവസത്തിനുള്ളിൽ രേഖാമൂലം ബോധിപ്പിക്കാത്തതു മൂലമുണ്ടാകുന്ന ഭവിഷ്യത്തുകൾക്ക് അപേക്ഷകർ മാത്രമായിരിക്കും ഉത്തരവാദി. നിർദ്ദിഷ്ട തീയതിക്കുശേഷം ലഭിക്കുന്ന പരാതികൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.</u>

5. റാങ്ക് ലിസ്റ്റ് തയ്യാറാക്കൽ:-

റാങ്ക് ലിസ്റ്റുകൾ താഴെ സൂചിപ്പിക്കുന്നതുപോലെ ആയിരിക്കും. വിശദവിവരങ്ങൾ പ്രോസ്പെക്ട്സിൽ ലഭ്യമാണ്.

റാങ്ക് ലിസ്റ്റ് 1

ആയുർവേദ നഴ്സിംഗ് ഡിപ്ലോമ കോഴ്സിലേക്കുള്ള റാങ്ക് ലിസ്റ്റ്, ജനറൽ നഴ്സിംഗ് ആൻഡ് മിഡ്‌വൈഫറി പരീക്ഷയിൽ നേടിയ മാർക്കിന്റെ അടിസ്ഥാനത്തിലായിരിക്കും തയ്യാറാക്കുക.

റാങ്ക് ലിസ്റ്റ് 2

ആയുർവേദ തെറാപ്പി ഡിപ്ലോമ, ആയുർവേദ ഫാർമസി ഡിപ്ലോമ എന്നീ കോഴ്സുകളിലേക്കുള്ള റാങ്ക് ലിസ്റ്റ്, പ്ലസ് ടു അല്ലെങ്കിൽ തത്തുല്യ യോഗ്യതാ പരീക്ഷയിൽ നേടിയ മാർക്കിന്റെ അടിസ്ഥാനത്തിലായിരിക്കും തയ്യാറാക്കുക.

6. ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്ന വിധം

i) റാങ്ക് ലിസ്റ്റിൽ സ്ഥാനം പിടിക്കുന്ന അപേക്ഷകർക്ക് മാത്രമേ കോളേജ് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളൂ. ഓപ്ഷൻ രജിസ്റ്റർ ചെയേണ്ട സമയപരിധി വെബ്സൈറ്റിലും പത്രമാധ്യമങ്ങളിലൂടെയും പ്രസിദ്ധപ്പെടുത്തുന്നതാണ്. കോളേജുകളെപ്പറ്റിയുള്ള വിശദ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാകും.

ii) ഓപ്ഷൻ രജിസ്റ്റർ ചെയ്യാനുള്ള സൗകര്യം: ഇന്റർനെറ്റ് സൗകര്യമുള്ള ഏതു കംപ്യൂട്ടറിലും നിശ്ചിത സമയത്തിനുള്ളിൽ ഓപ്ഷൻ രജിസ്റ്റർ ചെയ്യാം. <u>സമയപരിധിക്കുള്ളിൽ ഓൺലൈൻ ഓപ്ഷൻ രജിസ്റ്റർ ചെയ്യാത്ത അപേക്ഷകരെ അലോട്ട്മെന്റിനു വേണ്ടി പരിഗണിക്കുന്നതല്ല.</u>

7. അപേക്ഷാർത്ഥികളുടെ റാങ്കും അവർ നൽകുന്ന കോഴ്സ് ഓപ്ഷനുകളും അടിസ്ഥാനമാക്കിയാകും അലോട്ട്മെന്റ് നൽകുക.

8. ഫൈനൽ കൺഫർമേഷൻ ചെയ്യാത്ത അപേക്ഷകൾ നിരസിക്കുന്നതാണ്.

9. അപേക്ഷ സമർപ്പിച്ചതിനുശേഷം പുതിയ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്തുവാനോ, ഏതെങ്കിലും തരത്തിലുള്ള സംവരണ ആനുകൂല്യങ്ങളോ മറ്റ് ആനുകൂല്യങ്ങളോ ലഭിക്കുന്നതിനുള്ള ഏതെങ്കിലും സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാനോ അപേക്ഷകരെ അനുവദിക്കുന്നതല്ല.

**10.** സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസ്സിലെ നിബന്ധനകൾക്ക് വിധേയമായി എൽ.ബി.എസ്സ് സെന്റർ ഫോർ സയൻസ് & ടെക്നോളജി ഡയറക്ടർ, പ്രോസ്പെക്ടസ്സിലെ സർക്കാർ മെറിറ്റ് സീറ്റിലേക്ക് അലോട്ട്മെന്റ് നടത്തുന്നതാണ്. **<u>അപേക്ഷ സമർപ്പിക്കുന്നതിനു മുൻപ് പ്രോസ്പെക്ടസ്സിലെ വിവിധ വ്യവസ്ഥകൾ അപേക്ഷാർത്ഥികൾ വായിച്ചു മനസ്സിലാക്കേണ്ടതാണ്.</u>**

11. അലോട്ട്മെന്റ് സംബന്ധമായ വിജ്ഞാപനങ്ങളും, നിർദ്ദേശങ്ങളും അറിയുന്നതിന് അപേക്ഷകർ <u>www.lbscentre.kerala.gov.in</u> എന്ന വെബ്സൈറ്റും മറ്റു അച്ചടി, ഇലക്ട്രോണിക്സ് മാധ്യമങ്ങളും നിരന്തരം ശ്രദ്ധിക്കേണ്ടതാണ്.

ഡയറക്ടർ ഇൻ ചാർജ്
ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്